DESPATCHED
On.26/2/2020

3/02/2020



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം–695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic@kerala.nic.in

ഹർജി നമ്പർ **CP 740(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.9261/SIC-Gen5/2015**

സന്നിഹിതൻ

ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. കേശവൻ നായർ,
ശ്രീദേവി ഭവൻ,
ടി.സി.10/849,
ഇടക്കുളം, മണ്ണാമൂല,
പേരൂർക്കട, തിരുവനന്തപുരം. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി.,
തിരുവനന്തപുരം കോർപ്പറേഷൻ,
തിരുവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 21.4.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 5.5.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 30.5.2015 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 1.6.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10.7.2015, 3.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 31.1.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14.1.2020, 1.2.2020 കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗ് സാന്നിദ്ധ്യം | 1.2.2020 പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായി. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. കേശവൻ നായർ, കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളിൽ 3–ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം എതിർകക്ഷി ലഭ്യമാക്കിയിട്ടില്ലെന്നാണ്.

2. ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

i. 16.2.2015-ലെ ഇ5/78686/14-ലെ അറിയിപ്പ് പ്രകാരം രേഖപ്പെടുത്തിയ മൊഴിയുടെ പകർപ്പ് നൽകണമെന്നും

ii. മേൽപ്പടി അറിയിപ്പിനെ തുടർന്ന് നടത്തിയ തുടർ പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് നൽകണമെന്നും

iii. എതിർകക്ഷിക്ക് അറ്റകുറ്റപണി നടത്തുന്നതിനായി നഗരസഭയിൽ നിന്നും ആനുകൂല്യം നൽകിയതിന്റെ വിശദമായ വിവരം നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട പകർപ്പുകൾ ലഭിക്കുന്നതിന് പേജ് ഒന്നിന് 2/- രൂപ നിരക്കിൽ ഫീസ് ഒടുക്കുവാൻ നിർദ്ദേശിച്ചതായി കാണുന്നു.

3. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ പ്രസ്താവിച്ചത്, ഈ അവസരത്തിൽ ടിയാന്റെ പരാതി ഹർജിയുമായി മുന്നോട്ട് പോകുവാൻ ആഗ്രഹിക്കുന്നില്ലെന്നും ആയതിനാൽ ടിയാന്റെ പരാതി ഹർജി പിൻവലിക്കാനുള്ള അനുവാദം നൽകണമെന്നുമാണ്.

4. ഹർജിക്കാരന്റെ ആവശ്യപ്രകാരം മേൽപ്പടി പരാതി ഹർജിയിന്മേലുള്ള നടപടികൾ കമ്മീഷൻ ഇന്നേ ദിവസം 2020 ഫെബ്രുവരി 3-ാം തീയതി അവസാനിപ്പിക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk

RIGHT TO INFORMATION